(ബി) കേരള ജല-മലിനജല അതോറിറ്റി പുതിയതായി നിലവിൽ വന്ന സ്ഥാപനമായതുകൊണ്ട് അതിന്റെ ടോപ്പ് ലവൽ ആഫീസർമാരായി പരിചയസമ്പന്നരായ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ കുറച്ചുകാലത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്.

മജിസ്ട്രേട്ടുമാരുടെ നിയമനം ഹൈക്കോടതിക്ക് വിടുന്നതിന് നടപടി

928 [1110] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മജിസ്ട്രേട്ടുമാരുടെ നിയമനം പി. എസ്. സി. യിൽ നിന്നും ഒഴിവാക്കി ഹൈക്കോടതിക്ക് വിടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തെപ്പറ്റി ഹൈക്കോർട്ട് ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിനുമേൽ എന്തു നടപടിയെടുക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

മുൻസിഫ് മജിസ്ട്രേട്ടുമാരുടേയും കോടതി ജീവനക്കാരുടേയും നിയമനം

929 [1111] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി :
,, കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, പി. സീതിഹാജി :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫ്, മജിസ്ട്രേട്ട് എന്നിവരുടേയും കോടതി ജീവനക്കാരുടേയും നിയമനാധികാരം ഹൈക്കോടതിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ജഡ്ജിമാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ആലോചനയുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) മുൻസിഫ്, മജിസ്ട്രേട്ട് എന്നിവരുടെ നിയമനാധികാരം ഹൈക്കോടതിയെ ഏല്പിക്കണമോ എന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. മറ്റ് കോടതി ജീവനക്കാരുടെ നിയമനം ഹൈക്കോടതിയെ ഏല്പിക്കണമെന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly